**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2948** **07-10-2025 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള ഫണ്ട് വിനിയോഗം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള സർക്കാർ ഫണ്ട് വിനിയോഗം ഫലപ്രദമല്ലെന്നും ഇത് ക്രമക്കേടുകൾക്ക് വഴിവെക്കുന്നതായും ഉദ്യോഗസ്ഥഭരണ പരിഷ്കാര വകുപ്പിലെ പ്രവൃത്തി പഠനസംഘം കണ്ടെത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | സംസ്ഥാനത്ത് പട്ടികജാതി വിഭാഗങ്ങളുടെ ക്ഷേമത്തിനായുള്ള സർക്കാർ ഫണ്ട് വിനിയോഗം ഫലപ്രദമായി നടക്കുന്നില്ലെന്ന കാര്യം ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ പഠനത്തിൽ കണ്ടെത്തിയിട്ടില്ല. എന്നാൽ, പരിശോധനാ സംവിധാനങ്ങളുടെ അഭാവം വകുപ്പിന്റെ പ്രവർത്തനങ്ങളെ കൂടുതൽ മെച്ചപ്പെടുത്തുന്നതിന് വിഘാതമായി മാറുന്നതിനാൽ പദ്ധതികളുടെ നിർവ്വഹണം, ചെലവഴിക്കുന്ന തുകയുടെ ഫലപ്രാപ്തി, മോണിറ്ററിംഗ്, പദ്ധതികളുടെ ആവശ്യകത സംബന്ധിച്ച പഠനം, പരാതി പരിഹാരം തുടങ്ങിയവ സംബന്ധിച്ച വിലയിരുത്തലിനും ഇടപെടലിനുമൊപ്പം പരമപ്രധാനമായ കൃത്യമായ ഇടവേളകളിൽ നടക്കേണ്ട ഓഡിറ്റ് പരിശോധനകൾ എന്നിവ മേഖലാതലത്തിൽ നടക്കുന്നതിന് സംവിധാനം ഉണ്ടാകേണ്ടത് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിനും, സുതാര്യതയ്ക്കും, ഓഫീസുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും അത്യന്താപേക്ഷിതമായതിനാൽ വകുപ്പിന്റെ സ്വഭാവ സവിശേഷതകൾ കണക്കിലെടുത്ത് ഒരു വികേന്ദ്രീകൃത ഓഡിറ്റ് സംവിധാനം മേഖലാതലത്തിൽ ആരംഭിക്കുന്നതിന് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിലെ പ്രവൃത്തി പഠനസംഘം ശിപാർശ ചെയ്തിട്ടുണ്ട്.<br><br>വകുപ്പിലെ ഓഡിറ്റ് സംവിധാനം ഡയറക്ടറേറ്റ് തലത്തിൽ കേന്ദ്രീകരിക്കുന്നതും ഓഡിറ്റ് വിംഗുകളിൽ മതിയായ തസ്തികകൾ ഇല്ലാതിരിക്കുന്നതും കാരണം ജില്ലാ ഓഫീസുകൾ/ബ്ലോക്കുതല ഓഫീസുകൾ/ക്ഷേമ സ്ഥാപനങ്ങൾ എന്നിങ്ങനെ ബൃഹത്തായ ഓഫീസ് ശൃംഖലകളിലും അവ വഴി കൈകാര്യം ചെയ്യപ്പെടുന്ന ഫണ്ടിലും കൃത്യവും, സമയബന്ധിതവുമായ ഓഡിറ്റ് |

| | | | |
|---|---|---|---|
| | | | നടക്കാൻ കഴിയാതെ വരുന്ന സാഹചര്യം കാണുന്നുവെന്നും ഈ സാഹചര്യത്തിൽ പട്ടികജാതി വികസന വകുപ്പിന്റെ സ്വഭാവ സവിശേഷതകൾ കണക്കിലെടുത്ത് ഒരു വികേന്ദ്രീകൃത ഓഡിറ്റ് സംവിധാനം മേഖലാതലത്തിൽ ആരംഭിക്കുന്നതിന് പഠനസംഘം ശിപാർശ ചെയ്തതായും പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) | ഫണ്ട് വിനിയോഗം ഫലപ്രദമാക്കുന്നതിനും ക്രമക്കേടുകൾ തടയുന്നതിനും എന്തൊക്കെ പരിഹാരമാർഗങ്ങളാണ് നിർദേശിച്ചിട്ടുള്ളത്; ഇക്കാര്യത്തിൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ; | (ബി) | പട്ടികജാതി വികസന വകുപ്പ് വികേന്ദ്രീകൃത ഓഡിറ്റ് സംവിധാനം നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി ഒരു ഡെപ്യൂട്ടി ഡയറക്ടർ തസ്തിക കൂടി അധികമായി സൃഷ്ടിച്ചുകൊണ്ട് എറണാകുളം ആസ്ഥാനമാക്കി മധ്യ മേഖല ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് കൂടി രൂപീകരിക്കേണ്ടതും വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടർ ഓഫീസുകളെ മൂന്ന് മേഖലാതല ഓഡിറ്റ് ഓഫീസുകളായി മാറ്റേണ്ടതാണെന്നും ഇപ്രകാരം രൂപീകരിക്കുന്ന മേഖലാതല ഓഡിറ്റ് ഓഫീസുകളുടെ പ്രവർത്തനത്തിനും വികേന്ദ്രീകരിക്കുന്നതിനുമുള്ള ശിപാർശ നൽകിയിട്ടുണ്ട്. തുടർ നടപടി സ്വീകരിച്ച് വരുന്നു. |
| (സി) | വികേന്ദ്രീകൃത ഓഡിറ്റിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | വികേന്ദ്രീകൃത ഓഡിറ്റ് സംവിധാനം നടപ്പിലാക്കുന്നതിനായി പ്രവർത്തി പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാരിലേക്ക് ശിപാർശ നൽകുന്നതിനുള്ള നടപടികൾ പട്ടികജാതി വികസന വകുപ്പ് കാര്യാലയത്തിൽ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ